രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 07-03-2018**

ഫയൽ നം.പെൻ.പി1(WW-WW2)/234/2017-ധന ഇനം നം: 1971

വിഷയം : ധനകാര്യ വകുപ്പ് - കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്കരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Paul Antony

പോൾ ആന്റണി
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

8/3/18

Rw 12/3/18.

1971

# കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | പെൻ.ബി 1 (ഡബ്ല്യു.ഡബ്ല്യു - ഡബ്ല്യു.ഡബ്ല്യു2 )/234/2017-ധന |
| 2 | വകുപ്പ് | ധനകാര്യ വകുപ്പ് |
| 3 | വിഷയം | കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്കരിക്കുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 14/02/2018 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ | അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി അലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.കെ. രാജശ്രീ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ. മനോജ് ജോഷി |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 24/02/2018 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. പോൾ ആന്റണി |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 26/02/2018 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ഡോ. ടി.എം. തോമസ് ഐസക് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 26/02/2018 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 28/02/2018 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1. മന്ത്രിസഭാ യോഗത്തിനുള്ള ഈ കുറിപ്പ് സാമൂഹ്യ നീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിൽ നിന്നും പെൻഷൻ പറ്റി പിരിഞ്ഞ ജീവനക്കാർക്ക് 20.01.2016-ലെ സ.ഉ(പി)നം.9/2016/ധന ഉത്തരവ് പ്രകാരം പത്താം പെൻഷൻ പരിഷ്കരണം നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ളതാണ്.

2. കേരള സാമൂഹിക ക്ഷേമ ബോർഡ് ജീവനക്കാർക്ക് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിനു മാത്രം അർഹതയുള്ളതിനാൽ ഇവർക്ക് പെൻഷൻ നല്കുന്നതിനുള്ള സാമ്പത്തിക ബാദ്ധ്യതയുടെ 50% കേന്ദ്രസാമൂഹികക്ഷേമ ബോർഡ് വഹിക്കുമെന്നുള്ള വ്യവസ്ഥയിൻമേലും പെൻഷൻ സാമ്പത്തികാനുകൂല്യങ്ങൾ 01.04.2010 മുതൽ മാത്രമേ ലഭ്യമാകുകയുള്ളൂ എന്ന വ്യവസ്ഥയിൻമേലും കേരള സാമൂഹിക ക്ഷേമ ബോർഡിലെ (31.03.2013 വരെ സർവ്വീസിൽ പ്രവേശിച്ചവർക്ക്) ജീവനക്കാർക്കും വിരമിച്ച ജീവനക്കാർക്കും 01.04.1991 മുതൽ ഒരു പെൻഷൻ പദ്ധതി മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരത്തോടുകൂടി 25.02.2014 - ലെ സ.ഉ (എം.എസ്) നം.16/2014/ സാ.നീ.വ പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. നിലവിൽ 07.10.2015 ലെ KSWB1/Esst/Pension/2015-16 നം. കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ് ചെയർപേഴ്സണിന്റെ നടപടിക്രമ പ്രകാരം ബോർഡിൽ ഒൻപതാം പെൻഷൻ പരിഷ്കരണമാണ് നിലവിലുള്ളത്. 20.01.2016-ലെ സ.ഉ(പി)നം.9/2016/ധന ഉത്തരവ് പ്രകാരമുള്ള പെൻഷൻ ആനുകൂല്യങ്ങൾ കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിലെ ജീവനക്കാർക്കും മുൻ ജീവനക്കാർക്കും ലഭ്യമാക്കുന്നതിലേയ്ക്കായി ഭരണവകുപ്പ്, കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ് സെക്രട്ടറിയുടെ ആവശ്യത്തിൻമേൽ ശിപാർശ ചെയ്തിരിക്കുന്നു. പെൻഷൻ പരിഷ്കകരണം നടപ്പാക്കുന്നതിനായി **പ്രതിമാസം 17,174/- രൂപ അധിക ബാദ്ധ്യത** ഉണ്ടാകുമെന്ന് അറിയിച്ചിട്ടുണ്ട്. ആകെ 14 പേരാണ് ബോർഡിൽ പെൻഷനറായിട്ടുള്ളത് .

3. 01.07.2014 നു മുമ്പ് വിരമിച്ച പെൻഷൻകാർക്കും കുടുംബ പെൻഷൻകാർക്കും 01.07.2014 മുതൽ 28.02.2018 വരെയുള്ള കുടിശ്ശിക തുകയുടെ സംസ്ഥാന വിഹിതമായ 50% തുക രണ്ട് തുല്യ ഗഡുക്കളായി 01.04.2018 , 01.10.2018 എന്നീ തീയതികളിൽ വിതരണം ചെയ്യാവുന്നതാണ് .

3. 01.07.2014 ന മുമ്പ് വിരമിച്ച പെൻഷൻകാർക്കും കുടുംബ പെൻഷൻകാർക്കും 01.07.2014 മുതൽ 28.02.2018 വരെയുള്ള കുടിശ്ശിക തുകയുടെ സംസ്ഥാന വിഹിതമായ 50% തുക രണ്ട് തുല്യ ഗഡുക്കളായി 01.04.2018 , 01.10.2018 എന്നീ തീയതികളിൽ വിതരണം ചെയ്യാവുന്നതാണ് .

4. ബഹു. മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിലെ ജീവനക്കാർക്കും മുൻ ജീവനക്കാർക്കുമുള്ള പെൻഷൻ പദ്ധതിക്ക് അനുമതി നൽകി ഉത്തരവായത്. ആയതിനാൽ കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പത്താം പെൻഷൻ പരിഷ്കരണം നടപ്പിലാക്കുന്നതിന് ബഹു. മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അനുമതി ആവശ്യമാണ്. ഇക്കാര്യം മന്ത്രിസഭാ മുമ്പാകെ സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരം ഉണ്ട്.

## തീരുമാനിക്കേണ്ട വിഷയം

ഈ സാഹചര്യത്തിൽ കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് 20.01.2016 ലെ സ.ഉ (പി) നം. 9/2016/ധന എന്ന ഉത്തരവ് പ്രകാരമുള്ള പത്താം പെൻഷൻ പരിഷ്കരണ ഉത്തരവിന്റെ ആനുകൂല്യം 01.07.2014 ന മുമ്പ് വിരമിച്ച പെൻഷൻകാർക്കും കുടുംബ പെൻഷൻകാർക്കും 01.07.2014 മുതൽ 28.02.2018 വരെയുള്ള കുടിശ്ശിക തുകയുടെ സംസ്ഥാന വിഹിതമായ 50% തുക രണ്ട് തുല്യ ഗഡുക്കളായി 01.04.2018 , 01.10.2018 എന്നീ തീയതികളിൽ വിതരണം ചെയ്യാമോ എന്ന വ്യവസ്ഥയ്ക്ക് വിധേയമായി പെൻഷൻ പരിഷ്കരിക്കാമോ ?

20.2.18

21.02.18

24/2/18

26 2 18